4043
9/4/15

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-കേൾവി പരിശോധന പദ്ധതിയുടെ ബോധവൽക്കരണത്തിനായി ലഘുലേഖ കൾ അച്ചടിക്കുന്നതിന് 1,61,000/- രൂപ അനുവദിച്ച് ഉത്തരവാകുന്നു.

---

സാമൂഹ്യനീതി (ഡി)വകുപ്പ്

സ.ഉ(ആർ.റ്റി)നം.193/2015/സാ.നീ.വ തിരുവനന്തപുരം, തീയതി 28.3.2015

---

പരാമർശം- 1. 28.2.2015 ലെ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പ്രോജക്റ്റ് ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 255/SID/OAE/2014 നമ്പർ കത്ത്.
2. 30.1.2015 ലെ SID ഇംപ്ലിമെന്റേഷൻ & മോണിറ്ററിംഗ് കമ്മിറ്റി മിനിട്ട്സ്

## <u>ഉത്തരവ്</u>

പരാമർശം 1 ലെ കത്തു പ്രകാരം സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ കീഴിൽ 40 സർക്കാർ പ്രസവാശുപത്രികളിൽ നവജാത ശിശുക്കളുടെ കേൾവി പരിശോധന പദ്ധതി നടന്നുവരുന്നുണ്ടെന്നും കേൾവി ശക്തി പരിശോധിക്കുന്നതിന്റെ ആവശ്യകതയും വളർച്ച നാഴികകല്ലുകളെകുറിച്ചും മാതാപിതാക്കൾക്കായി ഒരു ലഘുലേഖ അച്ചടിക്കുന്നതിന് അനുവാദം നൽകണമെന്നും SID പ്രോജക്റ്റ് ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

പരാമർശം 2 പ്രകാരം ചേർന്ന SID ഇംപ്ലിമെന്റേഷൻ & മോണിറ്ററിംഗ് കമ്മിറ്റി ടി പ്രൊപ്പോസലിന് അംഗീകാരം നൽകുകയും 1,61,000/- രൂപ ഇതിനായി നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ കേൾവി ശക്തി പരിശോധിക്കുന്നതിന്റെ ആവശ്യകതയും വളർച്ച നാഴികകല്ലുകളെകുറിച്ചും മാതാപിതാക്കൾക്കായി ഒരു ലഘുലേഖ അച്ചടിക്കുന്നതിന് 1,61,000/- രൂപ 2235-02-101-78(2) ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ.ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

പ്രോജക്റ്റ് ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ, SID, 40, ചെമ്പക നഗർ, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്/എ & ഇ),കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ